**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3322** **25-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിൽ പ്രളയഫണ്ടിലുൾപ്പെടുത്തിയ റോഡുകളുടെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2019-20, 2020-21, 2021-22 വർഷങ്ങളിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ തകർന്ന ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപണികൾക്കാണ് പ്രളയഫണ്ടിലുൾപ്പെടുത്തി തുക അനുവദിച്ചതെന്ന് അറിയിക്കാമോ; തുക അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല; ബാധകമല്ല. |
| (ബി) | പ്രസ്തുത റോഡുകളിൽ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചവയുടേയും പണി പുരോഗമിച്ച് വരുന്നവയുടെയും പണിയാരംഭിക്കുന്നതിന് കരാറായവയുടേയും വിശദവിവരം വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല; ബാധകമല്ല. |
| (സി) | പ്രളയഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നല്കിയ റോഡുപണികളുടെ ബില്ലുകൾ അനുവദിക്കുന്നതിന് രണ്ട് വർഷത്തിലധികം കാലതാമസം നേരിടുന്നുവെന്ന വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ജില്ലാ തലത്തിലാണോ ഫണ്ട് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഫണ്ട് അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; | (സി) | മുൻ വർഷങ്ങളിൽ ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; മുമ്പ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ഭരണാനുമതി നല്കിയിരുന്ന പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി ഭരണാനുമതി ഉത്തരവിന്റെ തീയതി മുതൽ രണ്ട് വർഷമായിരുന്നു. എന്നാൽ 2018-2019 വർഷം മുതൽ ഭരണാനുമതി നല്കുന്ന പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി ഭരണാനുമതി ഉത്തരവിന്റെ തീയതി മുതൽ ഒന്നര വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തീയതിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കി ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിലാണ് ബിൽത്തുക അനുവദിക്കുന്നത്. സർക്കാർ ഇത്തരം പ്രവൃത്തികളുടെ ഫണ്ട് റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ശീർഷകത്തിൽ ജില്ലാ കളക്ടർമാർക്കാണ് അനുവദിക്കുന്നത്. ഓരോ പ്രവൃത്തിയ്ക്കും പ്രത്യേകമായിട്ടല്ല സർക്കാരിൽ നിന്നും തുക അനുവദിക്കുന്നത്. ജില്ലാ കളക്ടർമാർ പ്രസ്തുത ശീർഷകത്തിൽ ഫണ്ട് ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാരിൽ നിന്നും ജില്ലകൾക്ക് ഫണ്ട് അനുവദിച്ചു നൽകാറുണ്ട്. ജില്ലാ കളക്ടർ ബിൽത്തുക ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ജില്ലാ കളക്ടർ ഫണ്ട് അനുവദിക്കുന്നത്. ഭരണാനുമതി കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നടപ്പാക്കാൻ സാധിക്കാത്ത പ്രവൃത്തിയുടെ ഭരണാനുമതി റദ്ദാകുമെങ്കിലും ദുരന്ത പ്രതികരണ നിധി ലാപ്സായി പോകുന്ന സാഹചര്യമില്ല. സമയബന്ധിതമായി പൂർത്തീകരിക്കുന്ന പ്രവൃത്തികളുടെ ബിൽത്തുക അനുവദിക്കുന്നതിന് തടസ്സം നേരിടുന്നില്ല. എന്നാൽ പ്രതികൂലമായ കാലാവസ്ഥ, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ്, മറ്റ് ഒഴിവാക്കാനാകാത്ത കാരണങ്ങൾ എന്നിവ നിമിത്തം പ്രവൃത്തി ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടാറുണ്ട്. അത്തരം പ്രവൃത്തികൾ ഭരണാനുമതി കാലാവധിയ്ക്ക് ശേഷം പൂർത്തീകരിക്കപ്പെടുമ്പോൾ ഭരണാനുമതി കാലാവധി അവസാനിച്ചിട്ടുള്ള കാരണത്താൽ ജില്ലാ കളക്ടർമാർക്ക് നേരിട്ട് ഫണ്ട് അനുവദിക്കാൻ സാധിക്കാതെ വരും. അത്തരം പ്രവൃത്തികൾക്ക് കാലതാമസം മാപ്പാക്കി ബിൽത്തുക അനുവദിക്കുന്നതിനായി ജില്ലാ കളക്ടർമാർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കാറുണ്ട്. അത്തരം കേസുകൾ ഓരോന്നും പ്രത്യേകമായി പരിശോധിച്ച് ബിൽത്തുക മാറി നല്കുന്നതിന് സർക്കാർ ജില്ലാ കളക്ടർമാർക്ക് അനുമതി നല്കുകയാണ് ചെയ്യുന്നത്. വൈകി പൂർത്തിയാക്കുന്ന പ്രവൃത്തികൾക്ക് മാത്രമാണ് ബിൽത്തുക നല്കുന്നതിന് കാലതാമസം നേരിടുന്നത്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്ന കരാറുകാർക്ക് ബില്ല് സമർപ്പിക്കുന്ന മുൻഗണനാക്രമത്തിൽ തന്നെ ഫണ്ട് ലഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രളയഫണ്ടിലുൾപ്പെടുത്തി നിർമ്മിച്ച റോഡുകളുടെ ബില്ലുകൾ മാറുന്നതിലുണ്ടാകുന്ന കാലതാമസം കാരണം ടെൻഡറുകളിൽ കരാറുകാർ സാധാരണ പങ്കെടുക്കാറില്ല എന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; ഇതുമൂലം ഈ ഇനത്തിൽ അനുവദിച്ച പല പ്രവൃത്തികളും ആരംഭിക്കാനാകാതെ ഫണ്ടുകൾ ലാപ്സായി പോകുന്നുവെന്നുമുള്ള കാര്യം പരിശോധിക്കുമോ; | (ഡി) | മുൻ വർഷങ്ങളിൽ ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; മുമ്പ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ഭരണാനുമതി നല്കിയിരുന്ന പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി ഭരണാനുമതി ഉത്തരവിന്റെ തീയതി മുതൽ രണ്ട് വർഷമായിരുന്നു. എന്നാൽ 2018-2019 വർഷം മുതൽ ഭരണാനുമതി നല്കുന്ന പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി ഭരണാനുമതി ഉത്തരവിന്റെ തീയതി മുതൽ ഒന്നര വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തീയതിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കി ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിലാണ് ബിൽത്തുക അനുവദിക്കുന്നത്. സർക്കാർ ഇത്തരം പ്രവൃത്തികളുടെ ഫണ്ട് റോഡുകളുടെ |

| | | | |
|---|---|---|---|
| | | | പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ശീർഷകത്തിൽ ജില്ലാ കളക്ടർമാർക്കാണ് അനുവദിക്കുന്നത്. ഓരോ പ്രവൃത്തിയ്ക്കും പ്രത്യേകമായിട്ടല്ല സർക്കാരിൽ നിന്നും തുക അനുവദിക്കുന്നത്. ജില്ലാ കളക്ടർമാർ പ്രസ്തുത ശീർഷകത്തിൽ ഫണ്ട് ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാരിൽ നിന്നും ജില്ലകൾക്ക് ഫണ്ട് അനുവദിച്ചു നൽകാറുണ്ട്. ജില്ലാ കളക്ടർ ബിൽത്തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ജില്ലാ കളക്ടർ ഫണ്ട് അനുവദിക്കുന്നത്. ഭരണാനുമതി കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നടപ്പാക്കാൻ സാധിക്കാത്ത പ്രവൃത്തിയുടെ ഭരണാനുമതി റദ്ദാകുമെങ്കിലും ദുരന്ത പ്രതികരണ നിധി ലാപ്സായി പോകുന്ന സാഹചര്യമില്ല. സമയബന്ധിതമായി പൂർത്തീകരിക്കുന്ന പ്രവൃത്തികളുടെ ബിൽത്തുക അനുവദിക്കുന്നതിന് തടസ്സം നേരിടുന്നില്ല. എന്നാൽ പ്രതികൂലമായ കാലാവസ്ഥ, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ്, മറ്റ് ഒഴിവാക്കാനാകാത്ത കാരണങ്ങൾ എന്നിവ നിമിത്തം പ്രവൃത്തി ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടാറുണ്ട്. അത്തരം പ്രവൃത്തികൾ ഭരണാനുമതി കാലാവധിയ്ക്ക് ശേഷം പൂർത്തീകരിക്കപ്പെടുമ്പോൾ ഭരണാനുമതി കാലാവധി അവസാനിച്ചിട്ടുള്ള കാരണത്താൽ ജില്ലാ കളക്ടർമാർക്ക് നേരിട്ട് ഫണ്ട് അനുവദിക്കാൻ സാധിക്കാതെ വരും. അത്തരം പ്രവൃത്തികൾക്ക് കാലതാമസം മാപ്പാക്കി ബിൽത്തുക അനുവദിക്കുന്നതിനായി ജില്ലാ കളക്ടർമാർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കാറുണ്ട്. അത്തരം കേസുകൾ ഓരോന്നും പ്രത്യേകമായി പരിശോധിച്ച് ബിൽത്തുക മാറി നല്കുന്നതിന് സർക്കാർ ജില്ലാ കളക്ടർമാർക്ക് അനുമതി നല്കുകയാണ് ചെയ്യുന്നത്. വൈകി പൂർത്തിയാക്കുന്ന പ്രവൃത്തികൾക്ക് മാത്രമാണ് ബിൽത്തുക നല്കുന്നതിന് കാലതാമസം നേരിടുന്നത്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്ന കരാറുകാർക്ക് ബില്ല് സമർപ്പിക്കുന്ന മുൻഗണനാക്രമത്തിൽ തന്നെ ഫണ്ട് ലഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | പ്രളയഫണ്ടിലുൾപ്പെടുത്തി അനുവദിക്കുന്ന റോഡുകളുടെ ബില്ലുകൾ സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ? | (ഇ) | മുൻ വർഷങ്ങളിൽ ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; മുമ്പ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ഭരണാനുമതി നല്കിയിരുന്ന പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി ഭരണാനുമതി ഉത്തരവിന്റെ തീയതി മുതൽ രണ്ട് വർഷമായിരുന്നു. എന്നാൽ 2018-2019 വർഷം മുതൽ ഭരണാനുമതി നല്കുന്ന |

| | | | |
|---|---|---|---|
| | | | പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി ഭരണാനുമതി ഉത്തരവിന്റെ തീയതി മുതൽ ഒന്നര വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തീയതിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കി ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിലാണ് ബിൽത്തുക അനുവദിക്കുന്നത്. സർക്കാർ ഇത്തരം പ്രവൃത്തികളുടെ ഫണ്ട് റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ശീർഷകത്തിൽ ജില്ലാ കളക്ടർമാർക്കാണ് അനുവദിക്കുന്നത്. ഓരോ പ്രവൃത്തിയ്ക്കും പ്രത്യേകമായിട്ടല്ല സർക്കാരിൽ നിന്നും തുക അനുവദിക്കുന്നത്. ജില്ലാ കളക്ടർമാർ പ്രസ്തുത ശീർഷകത്തിൽ ഫണ്ട് ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാരിൽ നിന്നും ജില്ലകൾക്ക് ഫണ്ട് അനുവദിച്ചു നൽകാറുണ്ട്. ജില്ലാ കളക്ടർ ബിൽത്തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ജില്ലാ കളക്ടർ ഫണ്ട് അനുവദിക്കുന്നത്. ഭരണാനുമതി കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നടപ്പാക്കാൻ സാധിക്കാത്ത പ്രവൃത്തിയുടെ ഭരണാനുമതി റദ്ദാകുമെങ്കിലും ദുരന്ത പ്രതികരണ നിധി ലാപ്സായി പോകുന്ന സാഹചര്യമില്ല. സമയബന്ധിതമായി പൂർത്തീകരിക്കുന്ന പ്രവൃത്തികളുടെ ബിൽത്തുക അനുവദിക്കുന്നതിന് തടസ്സം നേരിടുന്നില്ല. എന്നാൽ പ്രതികൂലമായ കാലാവസ്ഥ, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ്, മറ്റ് ഒഴിവാക്കാനാകാത്ത കാരണങ്ങൾ എന്നിവ നിമിത്തം പ്രവൃത്തി ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടാറുണ്ട്. അത്തരം പ്രവൃത്തികൾ ഭരണാനുമതി കാലാവധിയ്ക്ക് ശേഷം പൂർത്തീകരിക്കപ്പെടുമ്പോൾ ഭരണാനുമതി കാലാവധി അവസാനിച്ചിട്ടുള്ള കാരണത്താൽ ജില്ലാ കളക്ടർമാർക്ക് നേരിട്ട് ഫണ്ട് അനുവദിക്കാൻ സാധിക്കാതെ വരും. അത്തരം പ്രവൃത്തികൾക്ക് കാലതാമസം മാപ്പാക്കി ബിൽത്തുക അനുവദിക്കുന്നതിനായി ജില്ലാ കളക്ടർമാർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കാറുണ്ട്. അത്തരം കേസുകൾ ഓരോന്നും പ്രത്യേകമായി പരിശോധിച്ച് ബിൽത്തുക മാറി നല്കുന്നതിന് സർക്കാർ ജില്ലാ കളക്ടർമാർക്ക് അനുമതി നല്കുകയാണ് ചെയ്യുന്നത്. വൈകി പൂർത്തിയാക്കുന്ന പ്രവൃത്തികൾക്ക് മാത്രമാണ് ബിൽത്തുക നല്കുന്നതിന് കാലതാമസം നേരിടുന്നത്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്ന കരാറുകാർക്ക് ബില്ല് സമർപ്പിക്കുന്ന മുൻഗണനാക്രമത്തിൽ തന്നെ ഫണ്ട് ലഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ